(ബി) എന്തെല്ലാം ക്രമക്കേടുകൾ നടന്നതായി കണ്ടെത്തുകയുണ്ടായി;

(സി) മത്സ്യഫെഡിന് വൻനഷ്ടം വരുത്തിവെച്ചതും മത്സ്യഫെഡ് ഭരണ സമിതിയെ മറികടന്നുകൊണ്ട് നടത്തിയതുമായ ഈ ഇടപാടിൽ കുറ്റക്കാരെ കണ്ടെത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) മത്സ്യഫെഡിൽ ഔട്ട് ബോർഡ് എഞ്ചിനുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട ഇടപാടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുകയാണ്.

പ്രവർത്തനക്ഷമമായ എല്ലാ എഞ്ചിനുകൾക്കും മണ്ണെണ്ണ നൽകുവാൻ നടപടി

90 [1776] ശ്രീ. പി. കെ. അബ്ദുറബ്ബ്:

„ വി. കെ. ഇബ്രാഹിം കുഞ്ഞ്:

„ കെ. കുട്ടി അഹമ്മദ് കുട്ടി:

„ ഇ. ടി. മുഹമ്മദ് ബഷീർ:

„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണ ലഭിക്കുന്നതിന് എഞ്ചിനുകളുടെ കാലപ്പഴക്കം മാനദണ്ഡമാക്കിയ പുതിയ നടപടിക്കെതിരെ മത്സ്യത്തൊഴിലാളികൾക്കുള്ള വ്യാപകമായ പ്രതിഷേധം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ പുതിയ മാനദണ്ഡം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രവർത്തനക്ഷമമായ എല്ലാ എഞ്ചിനുകൾക്കും മണ്ണെണ്ണ നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) പുതിയ മാനദണ്ഡം നടപ്പിലാക്കിയിട്ടില്ല.

(സി) മണ്ണെണ്ണയുടെ ലഭ്യതയ്ക്കനുസരിച്ചേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ സാദ്ധ്യമാകൂ.

ഫിഷറീസ് വകുപ്പിലെ തസ്തികകൾ വെട്ടിക്കുറച്ചതിനെതിരെ ലഭിച്ച പരാതികൾ

91 [1777] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിലെ തസ്തികകൾ വെട്ടിക്കുറച്ചതിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സംഘടനകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്; അവയുടെ പകർപ്പ് ലഭ്യമാക്കുവാൻ കഴിയുമോ എന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പരാതിയിൻമേൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) ഈ പരാതികൾ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഫിഷറീസ് വകുപ്പ് ലാസ്റ്റ് ഗ്രേഡ് സ്റ്റാഫ് അസോസിയേഷൻ, ഫെയ്സ് ഓഫ് ഫിഷറീസ്, കേരള ഫിഷറീസ് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് അസോസിയേഷൻ, കേരള എൻ.ജി.ഒ. അസോസിയേഷൻ എന്നീ സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയുടെ പകർപ്പ് †അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) നിർത്തലാക്കിയ തസ്തികകൾ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഉദിക്കുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly